(സി) നിലവിലുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് 52 ബ്ലോക്കുകളിൽ മാത്രമേ ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാരെ നിയമിക്കുവാൻ സാധിക്കുകയുള്ളൂ. ഇതിന്റെ 1/3പ്രൊമോഷൻ വഴിയും 2/3 നേരിട്ടുള്ള നിയമനം/ഡെപ്യൂട്ടേഷൻ വഴിയുമായിരിക്കും നികത്തുന്നത്.

(ഡി) ബ്ലോക്ക് പ്രോഗ്രാം ഓഫീസറിൽ നിക്ഷിപ്തമായിരിക്കുന്ന ചുമതലകൾ ചുവടെ ചേർക്കുന്നു:

1. ഗ്രാമപഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും മറ്റ് നിർവ്വഹണ ഏജൻസികളും നടപ്പാക്കുന്ന പണികളുടെ മേൽനോട്ടം വഹിക്കുകയും നിരീക്ഷണം നടത്തുകയും ചെയ്യുക.

2. അർഹതയുള്ള കുടുംബങ്ങൾക്ക് തൊഴിൽ രഹിത വേതനം അനുവദിക്കുകയും തുക വിതരണം ചെയ്യുന്നത് ഉറപ്പുവരുത്തുകയും ചെയ്യുക.

3. ബ്ലോക്കിന്റെ കീഴിലുള്ള പദ്ധതികളിൽ പണിയെടുത്തവർക്കുള്ള കൂലി കൃത്യമായും ശരിയായ തരത്തിലും വിതരണം ചെയ്യുക.

4. ഓരോ ഗ്രാമപഞ്ചായത്തുപ്രദേശത്തും നടപ്പിലാക്കിയ പണികൾ യഥാക്രമം ഗ്രാമസഭയിൽ സാമൂഹിക ഓഡിറ്റ് നടത്തുന്നുവെന്ന് ഉറപ്പു വരുത്തുകയും അവിടെ ഉണ്ടാകുന്ന തടസ്സങ്ങൾ പരിഹരിക്കാൻ ഉചിതമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

തൊഴിലുറപ്പ് പദ്ധതി

131(339) ശ്രീ. എം. എ. വാഹീദ് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. കെ. ബാബു :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത സാമ്പത്തിക വർഷത്തേയ്ക്ക് തൊഴിലുറപ്പ് പദ്ധതിക്കായി സംസ്ഥാനം എത്ര കോടി രൂപയ്ക്കുള്ള ബഡ്ജറ്റ് വിഹിതമാണ് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുള്ളത് എന്നറിയിക്കുമോ ;

(ബി) ഈ വർഷം ഈ ഇനത്തിൽ എന്തു തുകയാണ് സംസ്ഥാനത്തിന് ഇതുവരെ ആകെ ലഭിച്ചതെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിൽ ഇതുവരെ എത്ര തുക ചെലവഴിച്ചുവെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 2011-12 സാമ്പത്തിക വർഷത്തേക്കുള്ള തൊഴിലുറപ്പ് പദ്ധതിയുടെ ലേബർ ബഡ്ജറ്റ് കേന്ദ്രസർക്കാരിന് നൽകിയിട്ടില്ല. ലേബർ ബഡ്ജറ്റ് തയ്യാറാക്കുന്ന പ്രക്രിയ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. 2011 ഫെബ്രുവരിയോടുകൂടി മാത്രമേ പ്രസ്തുത ലേബർ ബഡ്ജറ്റ് പ്രൊപ്പോസൽ പൂർത്തിയാകുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നടപ്പു വർഷം കേന്ദ്ര വിഹിതമായി ഇതുവരെ 54,300.12 ലക്ഷം രൂപ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്.

(സി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഇതു വരെ 41541.58 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

തൊഴിലുറപ്പ് പദ്ധതിയിൽ അംഗമാവാൻ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ

132 (340) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലുറപ്പ് പദ്ധതിയിൽ അംഗമാവാൻ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിലില്ലായ്മാ വേതനം വാങ്ങുന്നവരുടെ എണ്ണം എത്രയാണ് ;

(സി) തൊഴിലുറപ്പ് പദ്ധതിയിൽ കോ-ഓർഡിനേറ്റർമാരായി തൊഴിലില്ലായ്മ വേതനം വാങ്ങുന്നവരെ നിശ്ചയിക്കുന്ന കാര്യം പരിഗണിക്കുമോ ;

(ഡി) തൊഴിലില്ലായ്മാ വേതനം വാങ്ങുന്നവരെ പഞ്ചായത്തിന്റെ ഏതെങ്കിലും വികസന പദ്ധതിയുമായി സഹകരിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഗ്രാമീണ പ്രദേശത്ത് സ്ഥിരതാമസമുള്ള അവിദഗ്ദ്ധ കായികാധ്വാന പ്രവർത്തികൾ ചെയ്യാൻ തയ്യാറായ പ്രായപൂർത്തിയായ ഏതൊരാൾക്കും ഈ പദ്ധതിയിൽ അംഗമാകാം.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി 3,12,450 പേർ തൊഴിൽ രഹിത വേതനം കൈപ്പറ്റുന്നുണ്ട്.

(സി) പരിണിക്കുന്നതല്ല.

(ഡി) പരിശോധിക്കുന്നതാണ്.

ദേശീയ തൊഴിലുറപ്പ് പദ്ധതിപ്രകാരം നൽകിയ തൊഴിൽ ദിനങ്ങൾ

133(341) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വയനാട് ജില്ലയിൽ ഓരോ പഞ്ചായത്തും ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം നൽകിയ തൊഴിൽ ദിനങ്ങളും ചെലവഴിച്ച തുകയും പഞ്ചായത്തും വർഷവും തിരിച്ച് ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly